# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ബഡ്ജറ്റ് വിഹിതം ചെലവഴിക്കൽ

511 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി ചുമതല വഹിക്കുന്ന ഓരോ വകുപ്പിനും 2012-2013 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയെയും ഇതുവരെ ഓരോ വകുപ്പും ചെലവഴിച്ച തുകയെയും സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും പ്രസ്തുത വകുപ്പുകൾ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതെല്ലാം ; ഭരണാനുമതി നല്കാത്തവ ഏതെല്ലാം ; ഭരണാനുമതി നല്കിയെങ്കിലും പദ്ധതി നിർവ്വഹണം നടന്നിട്ടില്ലാത്തവ ഏതെല്ലാം ; വിശദമാക്കുമോ ;

(സി) ഓരോ വകുപ്പിന്റെയും ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവഴിച്ചിട്ടുള്ള തുകയും സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

വിലക്കയറ്റം തടയുന്നതിനായി പദ്ധതികൾ

512 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നേരിടുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം നൂതനപദ്ധതികൾ ആവിഷ്ക്കരിച്ചുവെന്ന് വിശദീകരിക്കാമോ ;

(ബി) പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം തടഞ്ഞുനിറുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എത്ര രൂപയാണ് നീക്കിവെച്ചത് ; 2012-13 സാമ്പത്തിക വർഷത്തിൽ എന്ത് തുക ചെലവഴിച്ചു ; എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ ;

(സി) വില നിയന്ത്രിക്കുന്നതിനായി പ്രാഥമികസഹകരണ സംഘങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനാണ് നിർദ്ദേശം നൽകിയത് ; അതിനായി എന്ത് ധനസഹായം നൽകി ;
വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സഹകരണ നിക്ഷേപ സമാഹരണ യജ്ഞം</u>

513 ശ്രീ. കെ. മുരളീധരൻ
'' കെ. ശിവദാസൻ നായർ
'' എം. എ. വാഹീദ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപ സമാഹരണ യജ്ഞം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത യജ്ഞത്തിൽ ഏതെല്ലാം ബാങ്കുകളേയും സഹകരണസംഘങ്ങളെയും ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആരുടെ നേതൃത്വത്തിലാണ് യജ്ഞം നടത്തുന്നത്;

(ഡി) എത്ര കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>നിക്ഷേപ സുരക്ഷാ പദ്ധതി</u>

514 ശ്രീ. സി. പി മുഹമ്മദ്
,, പാലോട് രവി
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) നിക്ഷേപകർക്ക് എന്തെല്ലാം നിക്ഷേപ സുരക്ഷകളാണ് പദ്ധതി വഴി ലഭിക്കുന്നത് ;

(ഡി) ഏതെല്ലാം തരം സഹകരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത് ;

(ഇ) മാരക രോഗം വന്ന് കഷ്ടപ്പെടുന്ന രോഗികളുടെ കുടുംബങ്ങളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

## സഹകരണമേഖലയിൽ ക്ലിനിക്കൽ ലാബോറട്ടറികളും ഡയാലിസിസ് യൂണിറ്റുകളും

515 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം സഹകരണമേഖലയിൽ പുതുതായി എത്ര ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിച്ചു ; വിശദമാക്കാമോ ;

(ബി) 2012-13 സാമ്പത്തികവർഷത്തിൽ സഹകരണമേഖലയിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിച്ചു ; വിശദാംശം നൽകുമോ ;

(സി) സഹകരണസംഘങ്ങൾക്ക് കീഴിൽ ഒരോ ബ്ലോക്കിലും ഓരോ കർഷകസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര കർഷകസേവനകേന്ദ്രങ്ങൾ ഏതെല്ലാം ബ്ലോക്കുകളിൽസ്ഥാപിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) കർഷകസേവനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു ; ഇതിൽ എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) കർഷകസേവനകേന്ദ്രങ്ങൾ മുഖാന്തിരം എന്തെല്ലാം സേവന പ്രവർത്തനങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

സഹകരണസംഘങ്ങളുടെ വികസന
പുനരുദ്ധാരണ പദ്ധതി

516 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ വികസനത്തിനും, പുനരുദ്ധാരണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; എന്ത് തുക നീക്കി വച്ചു ; വിശദമാക്കുമോ ;

(ബി) എത്ര പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തനരഹിതമായ പ്രാഥമിക സഹകരണസംഘങ്ങൾ എത്രയുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത പ്രാഥമിക സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പാക്കേജുകൾ ആണ് നടപ്പിലാക്കുന്നത് ;

(ഇ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ പ്രവർത്തനരഹിതമായ പ്രാഥമിക സഹകരണസംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**06.02.2013-ലെ മറുപടിക്ക്**

<u>സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് നികുതി</u>

517 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് നികുതി ഏർപ്പെടുത്തുകവഴി സഹകരണ ബാങ്കുകൾ പ്രതിസന്ധിയിലാകുന്നത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ക്രെഡിറ്റ് സഹകരണ സംഘങ്ങള്‍</u>

518 ശ്രീ. മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ക്രെഡിറ്റ് സഹകരണ സംഘങ്ങളിലൂടെ കുറഞ്ഞ പലിശ നിരക്കില്‍ ഭവന നിര്‍മ്മാണ വായ്പ നല്കുന്നതിന് നടപടികള്‍ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷി ചെലവ് വര്‍ദ്ധിച്ച സാഹചര്യത്തില്‍ ക്രെഡിറ്റ് സഹകരണ സംഘങ്ങളിലൂടെ നല്കുന്ന കാര്‍ഷിക വായ്പാ പരിധി വര്‍ദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കോർ ബാങ്കിംഗ്

519 ശ്രീ. വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്ക് സമ്പൂർണ്ണ കോർ ബാങ്കിംഗ് പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് ഇത് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) സഹകരണ ബാങ്കുകളിൽ എ.ടി.എം. സ്ഥാപിക്കുന്ന കാര്യം പാക്കേജിൽ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പ്</u>

520 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള അംഗസംഘങ്ങളുടെ എണ്ണം ഓരോ ജില്ലാ സഹകരണ ബാങ്കിലും എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ജില്ലാ ബാങ്കിലും വോട്ടവകാശമുള്ള വായ്പാ സഹകരണ ബാങ്കുകളും ഇതര സംഘങ്ങളും എത്ര വീതമെന്നും വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്ന ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ഓരോ ജില്ലാ സഹകരണ ബാങ്കിലും വോട്ടവകാശം ലഭിച്ച വായ്പാ സഹകരണ സംഘങ്ങളല്ലാത്ത ഇതര സഹകരണ സംഘങ്ങൾ എത്ര വീതമാണ് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സഹകരണ കോൺഗ്രസ്</u>

521 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ കോൺഗ്രസ് നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) സമ്മേളനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ചർച്ച ചെയ്തിട്ടുളളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി സംസ്ഥാന സഹകരണ നിയമത്തിൽ മാറ്റം വരുത്തുവാൻ ആലോചിക്കുമോ;

(ഡി) മാറ്റം വരുത്തുന്നതിന് മുൻപ് എല്ലാവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കോ-ഓപ്പറേറ്റീവ് ഓംബുഡ്സുമാൻ</u>

522 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാന്റെ ഘടനയും പ്രവർത്തനവും അധികാരങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**06.02.2013-ലെ മറുപടിക്ക്**

കാർഷിക വായ്പ

523 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ മുഖാന്തിരം ഭക്ഷ്യ ഉല്പന്ന കൃഷിയ്ക്ക് കൂടുതൽ സബ്സിഡിയോടെ വായ്പ അനുവദിക്കുമോ ;

(ബി) നിലവിൽ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സഹകരണ വായ്പകൾ</u>

524 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിക്ഷേപ വർദ്ധനവിന് ആനുപാതികമായി വായ്പാവിതരണ വർദ്ധനവ് ഉണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ-കാർഷിക-ഭവന നിർമ്മാണ വായ്പകൾ നൽകുന്നതിൽ ചില സഹകരണ സ്ഥാപനങ്ങൾ വിമുഖത കാട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

**പരിയാരം സഹകരണ മെഡിക്കൽ കൊളേജിലെ 1500 മെമ്പർഷിപ്പ് റദ്ദാക്കൽ**

525 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ 1500 മെമ്പർഷിപ്പ് റദ്ദാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) 1500 മെമ്പർഷിപ്പ് റദ്ദ് ചെയ്യുന്നത് എന്ത് കാരണത്താലാണ്; ഇത് ഏത് നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്</u>

526 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുകളിൽ ഒരേ ജില്ലകളിലും എത്ര ബാങ്കുകൾ വോട്ട് ചെയ്തു, ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നടക്കുവാൻ പോകുന്ന ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ ഓരോ ജില്ലയിലും എത്ര സഹകരണ ബാങ്കുകൾക്ക് വോട്ട് അവകാശമുണ്ട്;

(സി) കഴിഞ്ഞവർഷം നടന്ന ബാങ്ക് തെരഞ്ഞെടുപ്പിൽ ഉള്ളതിനെക്കാൾ ഈ വർഷം വർദ്ധനവുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സഹകരണ റിസ്ക് ഫണ്ട്</u>

527 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ട വായ്പക്കാരായ അംഗങ്ങൾക്ക് സഹകരണ റിസ്ക് ഫണ്ടിൽ നിന്നും, ധനസഹായം ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്ക് സഹകരണ സ്ഥാപനങ്ങൾ എന്തെങ്കിലും സബ് റൂളിന് അംഗീകാരം വാങ്ങേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(സി) സബ് റൂൾ അംഗീകാരം വാങ്ങാതെ വായ്പക്കാരിൽ നിന്നും പ്രീമിയം വാങ്ങിയ സഹകരണ ബാങ്കുകൾക്ക് വായ്പക്കാരൻ മരണപ്പെട്ടാൽ ധനസഹായം വായ്പക്കാരന്റെ കുടുംബത്തിന് ലഭ്യമാക്കുവാൻ എന്തെല്ലാം ചെയ്യാൻ കഴിയും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ</u>

528 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) അവ ഏതൊക്കെയാണ്; പിരിച്ചുവിടാൻ അവലംബിച്ച മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ഉത്പാദനമേഖലകളിൽ പുതിയ സംരംഭങ്ങൾ</u>

529 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന ഉത്പാദനമേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത സംരംഭങ്ങൾക്ക് ദീർഘകാല സംരംഭക വായ്പ നൽകുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഉത്പാദക മേഖലകളിലാണ് പുതിയ സംരംഭങ്ങൾക്ക് വായ്പ നൽകുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>തിരുവല്ല താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി</u>

530 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ക്ലിപ്തം നമ്പർ.എ253 എന്നാണ് പ്രവർത്തനം ആരംഭിച്ചത് ; ഇതിനോടനുബന്ധിച്ചുള്ള ലാറ്റക്സ് ഫാക്റ്ററിയുടെ പ്രവർത്തനം എന്നാരംഭിച്ചു ; തുടക്കത്തിൽ എത്ര ജീവനക്കാരാണുണ്ടായിരുന്നത്; ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട് ;

(ബി) പ്രസ്തുത ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്നു മുതലാണ് സ്ഥിരമായി പ്രവർത്തിക്കാതായത് ; കാരണമെന്ത് ;

(സി) പ്രസ്തുത ഫാക്ടറിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്. തുക ഏതുമാസം വരെ പിടിച്ചിരുന്നു ; ഈ തുക ഇ.പി.എഫിൽ അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇതിനോടകം എത്ര ജീവനക്കാരാണ് ഇവിടെ നിന്നും വിരമിച്ചിട്ടുള്ളത് ; ഇവരുടെ ഇ.പി.എഫ്. ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ജീവനക്കാരുടെ ഇ.പി.എഫ്. വിഹിതം ശമ്പളത്തിൻ നിന്നും പിടിച്ചിട്ടും ഇ.പി.എഫിൽ അടയ്ക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ; ആരാണ് ഇതിനുത്തരവാദികൾ ;

(ഇ) പണാപഹരണം നടത്തിയതു സംബന്ധിച്ച് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുതലായവർക്ക് പരാതി ലഭിച്ചിട്ടും നടപടി എടുക്കാതിരുന്നത് എന്തുകൊണ്ട് ; ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക തിരികെ ഇവർക്ക് നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; പണാപഹരണത്തിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

(എഫ്) ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുയോഗ തീരുമാനമോ മതിയായ രീതിയിര്‍ ടെന്‍ഡര്‍ വിളിക്കുകയോ ചെയ്യാതെ ദീര്‍ഘകാല വിളകള്‍ക്ക് കൃഷി ചെയ്യാന്‍ കൊടുത്തതു സംബന്ധിച്ച് നല്‍കിയ പരാതിയില്‍ അസിസ്റ്റന്റ് രജിസ്ട്രാര്‍ (ജനറല്‍) മല്ലപ്പള്ളി, ജോയിന്റ് രജിസ്ട്രാര്‍ (ജനറല്‍) പത്തനംതിട്ട എന്നിവര്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ് ; പ്രസ്തുത സ്ഥലം ജീവനക്കാര്‍ക്ക് കൃഷി ചെയ്യാന്‍ കൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ

531 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ പേരിൽ തൊഴിലാളികൾ അല്ലാത്തവർ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിക്കൊണ്ട് മരാമത്ത് പണികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഓൾ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഭാരവാഹികൾ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ബി) സഹകരണ വകുപ്പിലെ നം. 35883/എം.റ്റി/12 ഫയലിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) തൊഴിലാളികൾ അല്ലാത്തവരുടെ പേരുൾപ്പെടുത്തി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്യുകയും വിവിധ വകുപ്പുകളിലെ കരാർ പണികൾ ഏറ്റെടുക്കുകയും കമ്മീഷൻ പറ്റി പ്രസ്തുത കരാർ പണികൾ സബ് കോൺട്രാക്ടേഴ്സിന് നൽകി സാമ്പത്തികലാഭം നേടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയത്തിൽ ഉചിതമായ അന്വേഷണം നടത്തുമോയെന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

**<u>കൺസ്യൂമർ ഫെഡ് വഴി നിത്യോപയോഗ സാധനങ്ങൾ</u>**

532 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യനിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകാൻ കൺസ്യൂമർ ഫെഡ് എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം അവശ്യനിത്യോപയോഗ സാധനങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ വിതരണം ചെയ്യുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡിന്റെ കർമ്മപദ്ധതികൾ</u>

533 ശ്രീ. പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് കൺസ്യൂമർഫെഡ് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി പുതിയതായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകളാണ് ആരംഭിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇവ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

534 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജില്ലയിൽ പുതുതായി എവിടെയെങ്കിലും സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ;

(സി) പുതുതായി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും മാർഗ്ഗരേഖയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>തൂണേരിയിൽ നീതി മെഡിക്കൽ സ്റ്റോർ</u>

535 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇരിങ്ങണ്ണൂർ സഹകരണ ബോർഡിന് കീഴിൽ തൂണേരിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നീതി മെഡിക്കൽ സ്റ്റോർ വേഗത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>അങ്കമാലി വ്യവസായ മേഖലയിലെ</u>
<u>മാലിന്യനിർമ്മാർജനം</u>

536 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി വ്യവസായമേഖലയിലെ വ്യവസായ സ്ഥാപനങ്ങളിലെയും സിഡ്കോയിലേയും മാലിന്യങ്ങൾ മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ പാടശേഖരങ്ങളിലേക്ക് പുറന്തള്ളുന്നത് തടയുവാൻ അതാത് സ്ഥാപനങ്ങളിൽ തന്നെ മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് പൊതുജനങ്ങൾ സമർപ്പിച്ചിട്ടുള്ള പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>സഹകരണ വായ്പാ തിരിച്ചടവ്</u>

537 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികക്കാർക്ക് തവണകൾ അടയ്ക്കുന്നതിൽ നിലവലുള്ള നിർദ്ദേശങ്ങൾക്കു വിരുദ്ധമായി സാവകാശം അനുവദിക്കാത്ത സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തവണകൾ അനുവദിക്കുന്നതിലും മറ്റും സഹകരണ മേഖലയിൽ സർക്കാരിന് പ്രത്യേക അധികാരം നൽകത്തക്ക നിലയിൽ ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് നീക്കം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ നന്മ
സ്റ്റോറുകളുടെ ഉദ്ഘാടനം

538 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട് ; പഞ്ചായത്തടിസ്ഥാനത്തിൽ വിശദമായ വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര നന്മ സ്റ്റോറുകളുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട് ; ഉദ്ഘാടനം എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളെ അറിയിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഇത് അവസാനിപ്പിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ ;

(സി) താമരക്കുളം ചത്തിയറ നന്മ സ്റ്റോർ ഉദ്ഘാടത്തിൽ എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളെ ഒഴിവാക്കി എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ നന്മ സ്റ്റോറുകൾ

539 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിൽ ലഭിച്ച അപേക്ഷകളിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) മാവേലിക്കര പട്ടണത്തിൽ ത്രിവേണി ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ഖാദി വ്യവസായ സംരക്ഷണം</u>

540 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമവ്യവസായ സംരക്ഷണത്തിന്റെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംസ്ഥാന സർക്കാർ ജീവനക്കാർ ഖാദിവസ്ത്രം ധരിക്കണമെന്ന നിബന്ധന നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഏതു ദിവസമാണ്; പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാകുന്നുണ്ടോ;

(ബി) പ്രസ്തുത നിബന്ധന ഖാദി വ്യവസായത്തിന് നേട്ടമുണ്ടാക്കിയോ; എങ്കിൽ വില്പനയിൽ എത്ര ശതമാനം വാർഷിക വർദ്ധനവ് ഉണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) ഖാദി വ്യവസായ സംരക്ഷണത്തിന് മറ്റെന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഖാദി തൊഴിലാളികളെ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തൽ

541 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഖാദി തൊഴിലാളികളെ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) തൊഴിലുറപ്പുപദ്ധതിയിൽ നിന്ന് മഹാത്മജി തന്നെ വിഭാവനം ചെയ്ത ഖാദി പ്രസ്ഥാനത്തെ ഒഴിവാക്കിയത് ഉചിതമല്ലെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പുന്നപ്രയിലെ ഖാദി യൂണിറ്റ്</u>

542 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്രയിൽ പ്രവർത്തിക്കുന്ന ഖാദിയൂണിറ്റിന്റെ നൂൽനൂൽപ്പ് യൂണിറ്റ് യന്ത്രവത്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇവിടെ ആധുനിക യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എത്ര തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു; അവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(ഡി) തൊഴിലാളികൾക്ക് മിനിമം കൂലി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പേരാമ്പ്രയിലെയും, കനകമലയിലെയും
ഖാദിയൂണിറ്റുകളുടെ നവീകരണം</u>

543 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പേരാമ്പ്ര, കനകമല എന്നിവിടങ്ങളിലെ ഖാദി യൂണിറ്റുകളുടെ നവീകരണം സംബന്ധിച്ച അപേക്ഷ പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

ഇ- വേസ്റ്റ്

544 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പാസ്സാക്കിയ ഇ-വേസ്റ്റ് മാനേജ്മെന്റ് & ഹാൻഡിലിംഗ് റൂൾസ് നടപ്പിലാക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇ-വേസ്റ്റ് 'സെക്കന്റ്സ്' എന്ന പേരിൽ സംസ്ഥാനത്ത് കൊണ്ടു വരാനുള്ള നടപടികൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇ-വേസ്റ്റ് ഭീഷണിക്കെതിരെ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ

545 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം ; നിലവിലുള്ള മലിനീകരണ നിയന്ത്രണാധികാരങ്ങൾ പര്യാപ്തമാണോ ;

(ബി) വ്യാപകമായികൊണ്ടിരിക്കുന്ന പൊതുനിരത്തുകളിലെ മാലിന്യ നിക്ഷേപങ്ങൾ തടയുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും ;

(സി) വ്യവസായങ്ങൾ വഴിയുള്ള മാലിന്യവൽക്കരണം ഫലപ്രദമായി തടയുവാൻ കഴിയുമോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ മലിനീകരണ നിയന്ത്രണം</u>

546 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ നിയമങ്ങൾ പാലിക്കാത്തതുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര പരാതികൾ, ആരിൽ നിന്നെല്ലാം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിന്മേൽ ഓരോന്നിലും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും പരാതിയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ഏതെല്ലാം പരാതികളിന്മേലാണ് നടപടികൾ സ്വീകരിക്കാത്തതെന്നും അതിനുള്ള കാരണവും വിശദമാക്കുമോ?